(29) ചേർത്തലയിൽ ഡി. വൈ. എഫ്. ഐ. പ്രവർത്തകർക്കുനേരെ നടന്ന പോലീസ് ലാത്തിച്ചാർജ്

ശ്രീമതി. കെ. ആർ. ഗൗരി : സർ, തൊഴിലില്ലായ്മാവേതനത്തിനു, റാങ്ക് ഹോൾഡേഴ്സായിട്ടുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു, ഡി. വൈ. എഫ്. ഐ. സംസ്ഥാനവ്യാപകമായി ഇന്നലെ വില്ലേജ് ഓഫീസുകൾ പിക്കറ് ചെയ്യുകയുണ്ടായി. ചേർത്തല ഒഴിച്ച് ബാക്കി എല്ലാ സ്ഥലങ്ങളിലും പിക്കറിംഗ് സമാധാനപരമായിരുന്നു. ചേർത്തല വടക്ക് വില്ലേജിൽ പിക്കറിംഗിനു ചെന്ന ഡി. വൈ. എഫ്. ഐ. പ്രവർത്തകരെ നേരത്തെതന്നെ 2 പോലീസുകാർ ഗേറ്റിൽവച്ചു തടയുകയുണ്ടായി. മുനിസിപ്പൽ ഓഫീസിലേക്കും വില്ലേജാഫീസിലേക്കും, ഒന്നിച്ചുപോകുന്ന ഗേറ്റായതുകൊണ്ട് ആ ഗേറ്റിൽ സമരം ചെയ്യുന്നതു ശരിയല്ല, വില്ലേജാഫീസിലേക്ക് പോകണമെന്നു പറഞ്ഞുകൊണ്ട് ഡി. വൈ. എഫ്. ഐ. പ്രവർത്തകരെ ആദ്യം അവിടെവച്ച് മർദ്ദിച്ചു. അതുകഴിഞ്ഞ് അവർ പിക്കറ് ചെയ്തുകൊണ്ടിരുന്ന സ്ഥലത്ത് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസുകാർ വന്ന് മർദ്ദിക്കുകയുണ്ടായി. മർദ്ദിച്ചു കഴിഞ്ഞതിനുശേഷം ദൂരെനിന്ന് മഫ്തിയിൽ പോലീസിലുണ്ടായിരുന്ന ആളുകൾ കല്ലെറിയുകയുണ്ടായി കല്ലേറിന്റെ ഫലമായി ഒന്നോ രണ്ടോ പോലീസുകാർക്കും പിക്കറിംഗിനു വന്ന ഡി. വൈ. എഫ്. ഐ. പ്രവർത്തകർക്കും പരിക്കേറ്റു. പരിക്കേറ്റ 25-ഓളം ഡി.വൈ.എഫ്.ഐ. പ്രവർത്തകരെ ആശുപത്രിയിൽ അഡ്മിറ് ചെയ്തു, അഡ്മിറ് ചെയ്തുകഴിഞ്ഞശേഷം പോലീസിന്റെ ഇടപെടൽപ്രകാരം, പോലീസ് നിർദ്ദേശിച്ചതനുസരിച്ച് അവരുടെ വീട്ടുകാർ വന്ന് അവരെ കൊണ്ടുപോയി. പോലീസ് ജാഥ നടത്തിയ ആളുകളെ മർദ്ദിക്കുകയുണ്ടായി. അജി, സുധീർ, ചന്ദ്രൻ, പുരുഷോത്തമൻ, ഷാജി, ലെനിൻ, ഗോപാലകൃഷ്ണൻ, സത്യപ്പൻ, കുട്ടൻ, പ്രദീപ്, വിജയൻ എന്നിവരെ അവിടെവച്ചും പാർട്ടിഓഫീസിൽ നിന്നിറങ്ങിവന്ന ഡിസ്ട്രിക്റ് പ്രസിഡൻറിനേയും സെക്രട്ടറി വിനോദിനേയും ജോയിൻറ് സെക്രട്ടറി ചന്ദ്രബാബുവിനേയും അറസ്റ് ചെയ്തു. പിക്കറ് ചെയ്തവരെ അറസ്റ് ചെയ്ത പോലീസ് സ്റേഷന്റെ മുന്നിൽ കൊണ്ടുവന്നു നിർത്തി അവിടെവച്ചും മർദ്ദിച്ചു. അടികൊണ്ട് ഓടിയവർ റോഡിൽ വീഴുകയും, അവർക്ക് മർദ്ദനത്തിന്റെ ഫലമായി പരിക്കേൽക്കുകയും ചെയ്തു. അതെല്ലാം കഴിഞ്ഞിട്ടും ഇവരെ ലോക്കപ്പിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇന്നലെ രാത്രി 10 മണിവരെ അവർക്ക് ജാമ്യം കൊടുത്തിട്ടില്ല. ഇതിനെപ്പറ്റി അന്വേഷിക്കണം. ഈ സർക്കിൾ ഇൻസ്പെക്ടർ വന്നതിനുശേഷം ഭയങ്കര മർദ്ദനമാണ് അവിടെ നടക്കുന്നത്. വഴി നടക്കുന്ന ആളുകളെയൊക്കെ മർദ്ദിക്കുകയാണ്. ഇതിനെപ്പറ്റി അന്വേഷിച്ച് ആവശ്യമായ നടപടികളെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇന്നലെ സംസ്ഥാനവ്യാപകമായി വില്ലേജാഫീസുകൾ പിക്കറ് ചെയ്തതിന്റെ ഭാഗമായി ചേർത്തലയിലും പിക്കറ് ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഗൗരിയമ്മ ഈ നിലയിൽ അവതരിപ്പിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. 200-ഓളം ഡി. വൈ. എഫ്. ഐ. പ്രവർത്തകരെ ഒരു ഹെഡ്കോൺസ്റബിളും ഒരു കോൺസ്റബിളും കൂടി തടഞ്ഞു മൃഗീയമായി മർദ്ദിച്ചു എന്നാണ് പറഞ്ഞത്. അവർ വില്ലേജാഫീസിലേക്ക് കടന്നുപോകാതിരിക്കാൻ തടഞ്ഞു. തടഞ്ഞപ്പോൾ അവരെ തള്ളിയിട്ട്

LIBRARY ARCHIVES Kerala Legislative Assembly

മർദ്ദിക്കുകയും കല്ല് കൊണ്ടിടിക്കുകയും ചെയ്തു. ഒരു ഹെഡ് കോൺസ്റ്റബിളും ഒരു കോൺസ്റ്റബിളും മാത്രമേയുണ്ടായിരുന്നുള്ളു. അതു കഴിഞ്ഞ് ജാഥയായിട്ട് ടൗണിലേക്ക് പോയി. പോലീസുകാരെ മർദ്ദിച്ചു പരിക്കേൽപ്പിച്ച വിവരമറിഞ്ഞു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസ് പാർട്ടിവന്ന് അവരെ ഹോസ്പിറ്റലിൽ കൊണ്ടുപോയി. അതിനിടയിൽ പോലീസ് പാർട്ടി വരുമ്പോഴത്തന്നെ ഈ സമരക്കാർ അങ്ങോട്ടും ഇങ്ങോട്ടും ഓടാൻ തുടങ്ങി. ഓടുന്നതിനിടയിൽ കല്ലുമെറിഞ്ഞു. ഇങ്ങനെ കല്ലെറിഞ്ഞതിനെയാണ് മഫ്റ്റിപോലീസുകാർ എന്നു പറഞ്ഞത്. ഏതായാലും കല്ലെറിഞ്ഞു. അതു സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ട്. അവരെ കോടതിയിൽ ഹാജരാക്കി, കോടതി റിമാൻറിൽ വച്ചിരിക്കുകയാണ്. അതിനെപ്പറ്റി ആവശ്യമായ അന്വേഷണം നടത്തും. പക്ഷേ പോലീസുകാരെയാണ് മർദ്ദിച്ചത്. അവരെ മർദ്ദിച്ചത് മഫ്റ്റിക്കാർ ആണ് എന്നാണ് പറഞ്ഞുവരുന്നത്. അതു സ്വീകരിക്കാൻ പ്രയാസമുണ്ട്. ഇതു സംബന്ധിച്ച് ശരിയായി അന്വേഷിച്ച് നന്നായി കേസ് നടത്തി കുറ്റക്കാരെ ശിക്ഷിക്കും. അല്ലാത്തവരുടെ പേരിൽ ഒന്നും ഉണ്ടാകുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഹെഡ്കോൺസ്റ്റബിളും ബാക്കിയുള്ളവരും ലാത്തികൊണ്ട് കുത്തിയെന്നാണ് ഞാൻ പറഞ്ഞത്. സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ വന്നയാളുകളാണ് അടിച്ചത് എന്നാണ് പറഞ്ഞത്.

V റിപ്പോർട്ട് സമർപ്പണം

1986-ലെ കേരള ധനകാര്യബില്ലിനെപ്പറ്റിയുള്ള എട്ടാം സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ധനകാര്യമന്ത്രിയും എട്ടാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 1986-ലെ കേരള ധനകാര്യബില്ലിനെപ്പറ്റിയുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

1986-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (രണ്ടാം ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള രണ്ടാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ശ്രീ. കെ. കെ. തോമസ് : സർ, 1986-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (2-ാം ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly